പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 234 | 5.03.2012 ൽ മറുപടിക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം

**ചോദ്യം**

ശ്രീ. സി.എഫ് .തോമസ്
ശ്രീ.മോൻസ് ജോസഫ്
ശ്രീ. റ്റി.യു. കുരുവിള

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ റെയിൽ റൂട്ടിൽ നേരത്തെ നിശ്ചയിച്ചിരുന്നതിൽ നിന്നും മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുതിയ റൂട്ട് ഏതാണെന്ന് വ്യക്തമാക്കുമോ ; | എ) യും ബി) യും | റെയിൽ റൂട്ട് ഇതുവരെ തീരുമാനിച്ചിട്ടില്ല. റെയിൽപ്പാതയുമായി ബന്ധപ്പെട്ട് RVNL തയ്യാറാക്കിയ കരടു റിപ്പോർട്ട് ചർച്ച ചെയ്ത യോഗത്തിൽ ഉയർന്നു വന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ പഠനം നടത്തുവാനും പൊതുജനങ്ങൾക്ക് ഉണ്ടാകാവുന്ന കഷ്ട നഷ്ടങ്ങൾ കുറയ്ക്കുവാൻ ഉതകുന്ന രീതിയിൽ കരട് റിപ്പോർട്ട് പുന:പരിശോധിക്കാൻ RVNL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ റെയിൽ കണക്ടിവിറ്റിയ്ക്കായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തൃതി നിർണ്ണയിക്കാനാകൂ. |
| ബി | റെയിൽവേ ട്രാക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത് ; | | |
| സി | വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ എന്ന് വെളിപ്പെടുത്തുമോ ; | സി | തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുക്കുന്ന പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് ഏറ്റവും ആവശ്യമായ ' ബാക്ക് അപ് ഏരിയ, റോഡ്, ട്രക്ക് ടെർമിനൽ ' എന്നിവയിൽ റോഡിനു ആവശ്യമുള്ള മുഴുവൻ ഭൂമിയും ഏറ്റെടുത്തു കഴിഞ്ഞു. ബാക്ക് അപ് ഏരിയയ്ക്ക് വേണ്ടി നോട്ടിഫൈ ചെയ്തിട്ടുള്ള 42 ഏക്കറിൽ 25 ഏക്കറും, ട്രക്ക് ടെർമിനലിനുവേണ്ടി നോട്ടിഫൈ ചെയ്തിട്ടുള്ള 49 ഏക്കറിൽ 32 ഏക്കറും ഏറ്റെടുത്തിട്ടുണ്ട്. ബാക്കി ഏറ്റെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ നടന്നു വരികയാണ്. വിഴിഞ്ഞം തുറമുഖ നിർമ്മാണം സംബന്ധിച്ച് നടക്കുന്ന മാസ്റ്റർ പ്ലാൻ/റെയിൽ |

| | | | |
|---|---|---|---|
| | | | കണക്ടിവിറ്റി എന്നിവയുടെ പഠനം പൂർത്തിയാക്കി അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഇനി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തൃതി നിർണ്ണയിക്കാനാകുകയുള്ളൂ. |
| ഡി | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് ഏത് കൺസോർഷ്യമാണ് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നത് ? | ഡി | തുറമുഖ നിർമ്മാണം ഇതുവരെയും ആരെയും ഏൽപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ